**ട്രാൻസ്**

ട്രാൻസ് എന്ന ഫഹദ് ഫാസിലിന്റെ പുതിയ സിനിമയെ നമ്മൾ ഒത്തിരി പ്രതീക്ഷകളോടെ കാത്തിരുന്നത് കുറേ അധികം കാരണങ്ങൾ കൊണ്ടാണ്... ഏഴ് വർഷത്തെ ഇടവേളയ്ക്ക് ശേഷമുള്ള അൻവർ റഷീദെന്ന സംവിധായകന്റെ തിരിച്ചു വരവ്, അഞ്ച് വർഷങ്ങൾക്ക് ശേഷം ഫഹദും നസ്‌റിയയും വെള്ളിത്തിരയിൽ ഒന്നിക്കുന്നു, ആമി എന്ന ബ്യൂട്ടിഫുൾ വിഷ്വൽസിന് ശേഷം അമൽ നീരദ് അൻവർ റഷീദിന് വേണ്ടി ക്യാമറ കയ്യിലെടുക്കുന്നു... അങ്ങനെ പ്രതീക്ഷകൾ തന്ന കുറേ കാര്യങ്ങൾ... റിലീസ് അടുത്തു വന്നപ്പോൾ യൂറ്റ്യൂബിലൂടെ റിലീസ് ചെയ്ത പാട്ടുകളിലെ വിഷ്വൽസിൽ ഉപയോഗിച്ചിരുന്ന fluorescent (ഫ്ലോറസെന്റ്) lights animations, രാത് സെ ഭി ഹെ സ്യാദാ നഷീലി എന്ന പാട്ടിൽ ഉപയോഗിച്ച psychedelic imagery (സൈക്കഡെലിക് ഇമിജറി) -യും ഒരു Andy Warhol കളർ പാലറ്റും, Trance എന്ന ടൈറ്റിലിൽ ഉള്ള RGB Split effect, പിന്നെ ഫഹദ് ഫാസിലിന്റെ ഭൂമിയിൽ നിന്ന് ഉയർന്ന് നിൽക്കുന്ന, ഉൻമാദാവസ്ഥയിലുള്ള look... പ്രതീക്ഷകൾ അങ്ങ് കൊമ്പത്ത് കേറാൻ ഇതൊക്കെത്തന്നെ ധാരാളം മതി, എന്നേപ്പോലുള്ള ഒരു ശരാശരി മലയാള സിനിമാപ്രേമിക്ക്... ആ ഒരു ലെവലിലേക്ക് എത്താനായോ അൻവർ റഷീദ് സംവിധാനം ചെയ്ത ട്രാൻസിന് ?

വിജു പ്രസാദ് എന്ന മോട്ടിവേയ്ഷ്ണൽ സ്പീക്കറുടെ ഒരു ആവറേജ് ഡേയ് ലൈഫ് പ്ലെയ്സ് ചെയ്തു കൊണ്ടാണ് സിനിമ തുടങ്ങുന്നത്. നന്നായി ഡീറ്റെയ്ൽ ചെയ്ത വിഷ്വൽസിലൂടെയാണ് അൻവർ റഷീദ് വിജു പ്രസാദ് എന്ന കഥാപാത്രത്തെ നമ്മുടെ മുന്നിലേക്ക് എത്തിക്കുന്നത്.

പഴകി, പിഞ്ചിത്തുടങ്ങിയ ട്രൌസറും ഷർട്ടും, അതിന് മുകളിലൊരു executive look കിട്ടാനായി കെട്ടുന്ന ഒരു നെക്റ്റൈയും ഒക്കെയായി നമ്മൾ നമുക്ക് ചുറ്റും കാണുന്ന, ജീവിതത്തിൽ വളരെയധികം കഷ്ടപ്പെടുന്ന executive-കളുടെ ഒരു പ്രതിനിധിയായി അവതരിപ്പിക്കുന്ന വിജു പ്രസാദ് എന്ന കഥാപാത്രത്തിന്റെ ഡീറ്റെയ്ലിംഗ് ശ്രദ്ധേയമാണ്.

വിജു പ്രസാദിന് ഒട്ടും സുന്ദരമല്ലാത്ത ഒരു ഭൂതകാലമുണ്ട്. അത് നിങ്ങൾ തീയേറ്ററിൽ തന്നെ കണ്ട് മനസിലാക്കുക... ഒരു പ്രത്യേക സാഹചര്യത്തിൽ ബോംബെയിൽ എത്തുന്ന വിജു പ്രസാദിനെ കാത്തിരിക്കുന്നത് ഒരു ഗോഡ്മാൻ ആകാനുള്ള അവസരമാണ്. ഒരു തിരിച്ചു പോക്കില്ലാത്ത അവസരം.

മതം എന്നതാണ് ഏറ്റവും വലിയ മയക്കുമരുന്ന് എന്ന സത്യത്തിന് പുറത്ത് മൾട്ടി മില്യൺ ഡോളർ ബിസിനസ് സാമ്രാജ്യം കെട്ടിപ്പൊക്കുക എന്നത് ഇന്ന് നമ്മൾ കാണുന്ന നേർക്കാഴ്ചയാണ്.

ജീവിത പ്രശ്നങ്ങളിൽ നിന്നും ഒക്കെ ഒളിച്ചോടി, മനസിന് ശാന്തത എന്ന അവസ്ഥയുടെ ഒരു simulation (സിമ്യുലേയ്ഷൻ) അല്ലെങ്കിൽ മനശ്ശാന്തി എന്ന തോന്നൽ മനുഷ്യനിൽ കൊണ്ടുവരാൻ കഞ്ചാവ്, LSD, മാജിക് മഷ്റൂം തുടങ്ങിയ മയക്ക്മരുന്നുകളോളം തന്നെ കഴിവുണ്ട് മതം എന്ന മയക്ക് മരുന്നിന്. ഈ ഒരു ഒളിച്ചോട്ടത്തിന്റെ കച്ചവട സാധ്യതകളെയാണ് ആൾദൈവങ്ങൾ മുതലെടുക്കുന്നത്. ജോഷ്വാ കാൾട്ടൺ എന്ന അത്ഭുത സിദ്ധികളുള്ള പാസ്റ്റർ ആയിട്ടുള്ള വിജു പ്രസാദിന്റെ തുടർ യാത്രയാണ് ബാക്കി സിനിമ പറയുന്നത്.

ഈ സിനിമയിൽ ഒരു പ്രത്യേക മതവിഭാഗത്തെ ഉപയോഗിച്ചിരിക്കുന്നത് ചിലപ്പോൾ ചിത്രീകരണത്തിലും, ഒരു ആനിമേയ്റ്റഡ് വിഷ്വൽ ഇഫക്റ്റ്സിലും ഒക്കെ ആ കൾട്ട് കൊണ്ടുവരുന്ന ഒരു ലൗഡ്നെസ് കൊണ്ട് മാത്രമായിരിക്കാം. എല്ലാ മതങ്ങളിലും ഉണ്ട് വലിയ ബിസിനസ് പൊട്ടൻഷ്യൽ ഉള്ള ഇത്തരം ഡെമിഗോഡ്സ്.

സിനിമയിൽ ഏറ്റവും നന്നായതായി തോന്നിയത് അമൽ നീരദിന്റെ ക്യാമറയും സുഷിൻ ശ്യാമും വിജയ് ജാക്സണും കൂടിയൊരുക്കിയ പശ്ചാത്തല സംഗീതവും റസൂൽ പൂക്കുട്ടിയുടെ സൗണ്ട് ഡിസൈനുമാണ്. വിജു പ്രസാദിന്റെ ജീവിതത്തിലെ നിറമില്ലായ്മയും, ജോഷ്വാ കാൾട്ടന്റെ ഹൈ പ്രൊഫൈൽ ജീവിതത്തിന്റെ നിറക്കാഴ്ചകളും, പിന്നെ മയക്കുമരുന്നിന്റെ ഒരു ഓവർ പവറിംഗ് സർറിയലിസത്തിന്റെ അമിത നിറങ്ങളും എല്ലാം അമൽ നീരദിന്റെ ക്യാമറ ലൈറ്റിംഗിൽ പുത്തൻ കാഴ്ചാനുഭവമായി. പശ്ചാത്തല സംഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന trance music, പ്രത്യേകിച്ചും പെർകഷൻസിൽ അല്ലെങ്കിൽ താളമായി ഉപയോഗിച്ചിരിക്കുന്ന ഇന്ത്യൻ ഇൻസ്ട്രമെന്റ്സ്, ഞാൻ ഈ റിവ്യൂവിന്റെ തുടക്കത്തിൽ പറഞ്ഞ ഒരു psychedelic level-ലിലേക്ക് ഈ സിനിമയെ കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടെങ്കിലും, സിനിമയുടെ രണ്ടാം പകുതിയിൽ ഒരു typical പാതയിലേക്ക് കയറുകയും, സിനിമ പിന്നങ്ങോട്ട് വളരെ പ്രഡിക്റ്റബ്ൾ ആയി പോയി അവസാനിക്കുകയും ചെയ്യുന്നു. നസ്റിയയുടെ കഥാപാത്രസൃഷ്ടിയിലും, അപ്പിയറൻസിലും, എൻട്രിയിലും, അപ്പോഴുള്ള പശ്ചാത്തല സംഗീതത്തിലും, ക്യാമറ ലൈറ്റിംഗിലും ഒക്കെ ഒരു സൈക്കഡെലിക് ഓറ കൊണ്ടുവന്നപ്പോൾ മയക്കുമരുന്നും, മതവും കൂടി ഉണ്ടാക്കുന്ന ഒരു transcendental പ്ലെയിനിലേക്ക് സിനിമ പോകുമെന്ന് നമ്മൾക്ക് പ്രതീക്ഷ തന്നിട്ട് വെറുതെ കൊതിപ്പിച്ച് കടന്നു കളഞ്ഞു അൻവർ റഷീദ്.

ഒരു psychoactive ആയ മയക്ക്മരുന്ന് കഴിച്ചു കഴിയുമ്പോൾ ഒരാളുടെ സ്ഥലകാല ബോധത്തിലും കാഴ്ചയും വസ്തുക്കളും തിരിച്ചറിവോടെ മനസിലാക്കാനുള്ള അവബോധ ശക്തിയിലും ഉണ്ടാകുന്ന മാറ്റത്തിന്റെ പ്രതിഫലനമാണ് psychedelia എന്ന് അറിയപ്പെടുന്നത്. സിംപിൾ ആയി പറഞ്ഞാൽ കഞ്ചാവ് അടിച്ചു കഴിയുമ്പോൾ ഉള്ള നമ്മുടെ മനസിന്റെ ഒരു അവസ്ഥ. Trance സിനിമയുടെ മാർക്കെറ്റിംഗിന്റെ ഭാഗമായി യൂറ്റ്യൂബിൽ റിലീസ് ചെയ്ത മത്തായിച്ചൻ എന്ന പാട്ടിലും, രാത് സെ ഭി ഹെ സ്യാദാ നഷീലീ എന്ന പാട്ടിലും ഉപയോഗിച്ചിരിക്കുന്നത് psychedelic visual and sound imagery ആണ്.

അഭിനയപ്രകടനത്തിന്റെ കാര്യമെടുത്താൽ ഫഹദ് വളരെ നന്നായി അഭിനയിച്ചു എന്ന് പറയുമ്പോൾ തന്നെ കുംബളങ്ങി നൈറ്റ്സിലെ സൈക്കോയുടെ ചില ഗ്ലാൻസസ് ഇടയ്ക്കിടക്ക് കടന്ന് വന്നത് കൊണ്ട് ഫഹദ് സ്വയം റിപ്പീറ്റ് ചെയ്യുന്നത് പോലെ തോന്നി, പ്രത്യേകിച്ചും അനിയന്റെ കയ്യിൽ നിന്നും കത്തി വാങ്ങുന്ന സീനിൽ ഒക്കെ. ഗൗതം വാസുദേവ് മേനോൻ, ചെമ്പൻ വിനോദ്, നസ്റിയ, ദിലീഷ് പോത്തൻ, ശ്രീനാഥ് ഭാസി തുടങ്ങിയവരുടെയെല്ലാം അഭിനയം നന്നായിരുന്നു. റ്റിവി അവതാരകനായി വന്ന സൗബിൻ റോംഗ് കാസ്റ്റിംഗായി തോന്നി, പ്രത്യേകിച്ചും ഒരു അവതാരകന്റെ ഡയലോഗ് ഡെലിവറിയിൽ... നസ്റിയയുടെ ഒരു സൽട്രി സെഡക്റ്റിവ് ലുക്ക് ആ കഥാപാത്രത്തിന്റെ ഇൻട്രോ അല്പം മിസ്റ്റീരിയസ് ആക്കാൻ സഹായിച്ചു...

ഒരു transcendental ലെവലിലേക്ക് പോകാൻ കൊതിച്ച സിനിമയാണ് ട്രാൻസ്. പക്ഷെ, കച്ചവട സിനിമയുടെ താൽപര്യങ്ങളും, കണ്ടു പഴകിയ റിവഞ്ജ് ഫോർമുലയും ആ ഒരു transcendental flight-ന്റെ ചിറകരിഞ്ഞു കളഞ്ഞു.

എന്നാലും കാണാം ട്രാൻസ്, ഒരു തവണ... ഫഹദിനായി, അമൽ നീരദിന്റെ ക്യാമറയ്ക്കായി, ആ psychedelic background score-നായി, റസൂൽ പൂക്കുട്ടിയുടെ sound design -ന്റെ ഒരു തിയേറ്റർ എക്സ്പീരിയൻസിനായി.

.

**By Syam Sankar**